**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4431** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഫൈബർ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട, ഇടത്തര സ്വകാര്യ കയർ ഡീ-ഫൈബറിംഗ് യൂണിറ്റുകളിൽ നിന്നും കയർഫെഡ് ഫൈബർ സംഭരണം വേണ്ട വിധം നടത്താത്തതിനാൽ ഈ യൂണിറ്റുകൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗുണനിലവാരമുള്ള ചകിരി ഉല്പാദിപ്പിക്കുന്ന കയർ ഡീഫൈബറിംഗ് യൂണിറ്റുകളിൽ നിന്നും കയർഫെഡ് കിലോഗ്രാമിന് 14/- രൂപ മുതൽ 16 രൂപ നിരക്കിൽ ചകിരി വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തു വരുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള ചകിരിയുടെയും കയറിന്റെയും കയറുല്പന്നങ്ങളുടെയും താരതമ്യേന കുറഞ്ഞ വിപണിവില സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ വിപണിയിലെ മാന്ദ്യവും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട് . |
| (ബി) | എങ്കിൽ പ്രസ്തുത യൂണിറ്റുകളിൽ നിന്നും ഫൈബർ സംഭരണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കയറിന്റെയും കയറുല്പന്ന മേഖലയിലെയും പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയുമാണ്. സ്റ്റോക്കിരിക്കുന്ന കയറും കയറുല്പന്നങ്ങളും വിറ്റഴിക്കുന്നത് സംബന്ധിച്ച സമിതി ശുപാർശ സർക്കാരിൽ പരിഗണനയിലാണ്. ചകിരി വിൽപ്പനയിലെ കുറവ് സൃഷ്ടിച്ച ആഘാതം കുറക്കുന്നതിന് കയർപിത്തിന്റെ വിവിധങ്ങളായ മൂല്യവർധിത ഉപയോഗം പ്രോത്സാഹി പ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ